"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ് - കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.കെ.ജെ.സേവ്യർക്ക് ക്യാൻസർ ചികിത്സയുടെ ഭാഗമായുള്ള സർജറിയ്ക്ക് പ്രത്യേക ആകസ്മിക അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.50/2025/HSG തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-

1. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് എറണാകുളം ഡിവിഷൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ. ജെ. സേവ്യർ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച 12.06.2024 തീയതിയിലെ അപേക്ഷ.
2. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 21.10.2024 തീയതിയിലെ KSHB-HO/20/2022-AD1(A) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ എറണാകുളം ഡിവിഷൻ ഓഫീസിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.ജെ.സേവ്യർ ക്യാൻസർ ചികിത്സയുടെ ഭാഗമായി 28.11.2023 മുതൽ 09.02.2024 വരെ 74 ദിവസം കമ്മ്യൂട്ടഡ് ലീവും, 13.02.2024 മുതൽ 12 ദിവസം ആർജ്ജിതാവധിയും ഉൾപ്പടെ 86 ദിവസം അവധിയിൽ ആയിരുന്നുവെന്നും ഈ കാലയളവിൽ ടിയാന് ക്യാൻസർ ചികിത്സയുടെ ഭാഗമായി ഒരു സർജറി നടത്തിയിരുന്നുവെന്നും തുടർന്ന് വീണ്ടും ഒരു സർജറി കൂടി നടത്തേണ്ടത് അനിവാര്യമായി വന്നുവെന്നും പ്രസ്തുത സർജറിക്കും അതിന് ശേഷമുള്ള വിശ്രമത്തിനുമായി അവധി ആവശ്യമാണെന്ന് അറിയിച്ചുകൊണ്ട് കെ എസ് .ആർ - അപ്പന്റിക്സ് - VII ലെ ചട്ടം 19 പ്രകാരം സ്പെഷ്യൽ ക്യാഷ്വൽ ലീവ് അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ച ശേഷം ടിയാൻ ആർ.സി. സി-യിൽ റീസർജറിക്ക് വിധേയനായെന്നും പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്യുകയും ക്യാൻസർ ചികിത്സയുടെ ഭാഗമായി നടത്തിയ സർജറി ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട്, കെ.എസ്.ആർ അപ്പന്റിക്സ് -VII ലെ ചട്ടം 19 ന്റെ പരിധിയിൽ ഉൾപ്പെടുത്തി 6 മാസത്തെ സ്പെഷ്യൽ ക്യാഷ്വൽ ലീവ് അനുവദിക്കണമെന്നും അഭ്യർത്ഥിച്ച്, ശ്രീ. കെ. ജെ. സേവ്യർ സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്യുകയുമുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. കെ.ജെ. സേവ്യർ Retroperitoneal Liposarcoma low grade smooth muscle എന്ന ക്യാൻസർ അസുഖം ബാധിച്ചതിനു ശേഷം 01/12/2023 - ൽ സ്വകാര്യ ആശുപത്രിയിൽ സർജറി നടത്തുകയും പിന്നീട്

08/07/2024 - ൽ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ റീസർജറി നടത്തുകയും അതിന് ശേഷം തുടർ ചികിത്സ നടത്തി വരികയും ആണ് എന്ന് ടിയാന്റെ ആരോഗ്യാവസ്ഥ പരിശോധിച്ച് മെഡിക്കൽ ബോർഡ് സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചു കൊണ്ടും ടിയാന്റെ കേസ് ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് 180 ദിവസത്തെ (പൊതു അവധി ദിവസങ്ങൾ ഒഴിവാക്കി പരമാവധി 180 ദിവസങ്ങൾ) സ്പെഷ്യൽ കാഷൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
ശ്രീ. കെ.ജെ. സേവ്യർ, അസിസ്റ്റന്റ് സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (21.10.2025 - ലെ No.2980165/PU-C3/182/2024-FIN പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 07-11-2025 13:08:39
സെക്ഷൻ ഓഫീസർ